"ഭരണഭാഷ — മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണം-ജീവനക്കാര്യം — കണ്ണൂർ ജില്ലയിലെ എരമം കുറ്റൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 30.09.2024 ലെ 279/2024 തീരുമാനം കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 191 പ്രകാരം ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് ഓംബുഡ്സ്മാനു തുടർ നടപടികൾക്കായി റഫർ ചെയ്തുകൊണ്ട് — ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.647/2025/LSGD തീയതി, തിരുവനന്തപുരം, 08-03-2025

പരാമർശം:—

1 സ.ഉ(എം.എസ്) നം. 74/2019/തസ്വഭവ, തീയതി 27/06/2019.

2. സർക്കുലർ നമ്പർ 55/2022/ ധന, തീയതി 08.07.2022.

3. എരമം കുറ്റൂർ ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 30.09.2024 ലെ സാധാരണ യോഗത്തിലെ 279/2024 നമ്പർ തീരുമാനം

4 എരമം കുറ്റൂർ ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 10.10.2024 ലെ സാധാരണ യോഗത്തിലെ 293/2024 നമ്പർ തീരുമാനം

5. എരമം കുറ്റൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 15.10.2024 ലെ എസ് സി 1 — 4176/2024 നമ്പർ കത്ത്.

ഉത്തരവ്

കണ്ണൂർ ജില്ലയിലെ എരമം കുറ്റൂർ ഗ്രാമപഞ്ചായത്തിൽ പതിനൊന്നിന പരിപാടി പ്രകാരം സ്ഥാപിതമായ സാംസ്കാരിക നിലയത്തിലെ ലൈബ്രറിയിൽ ജോലി ചെയ്തിരുന്ന ലൈബ്രേറിയൻ ഫുൾ ടൈം തസ്തികയിൽ സ്ഥിരപ്പെട്ടപ്പോൾ ഉണ്ടായ ഒഴിവിലേക്ക് നിയമിതയായ ശ്രീമതി സിനിത.എം.വി-യെ സ്ഥിരപ്പെടുത്തുന്നതിനായുള്ള പഞ്ചായത്ത് കമ്മിറ്റിയുടെ പരാമർശം(2), (3) തീരുമാനങ്ങൾ പരാമർശം(1) സർക്കുലറിന് വിരുദ്ധമായതിനാൽ ആയത് പുനരവലോകനം നടത്തണമെന്ന പഞ്ചായത്ത് സെക്രട്ടറിയുടെ നിർദ്ദേശം അംഗീകരിക്കാത്തതിനാൽ പഞ്ചായത്ത് കമ്മിറ്റിയുടെ മേൽ തീരുമാനത്തിന്മേൽ തുടർ നടപടികൾക്കായി പരാമർശം (5) പ്രകാരം എരമം കുറ്റൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സർക്കാരിൽ അഭ്യർത്ഥിച്ചിരുന്നു.

2. പതിനൊന്നിന പരിപാടി പ്രകാരം 31.12.2000-ന് മുമ്പ് ഹോണറേറിയം വ്യവസ്ഥയിൽ നിയമിക്കപ്പെട്ടവരും പിന്നീട് സർക്കാർ ഉത്തരവുകൾ പ്രകാരം സ്ഥിരപ്പെടുത്തിയിട്ടുള്ളതുമായ

ജീവനക്കാർ വിരമിക്കുമ്പോൾ ടി തസ്തികകളിൽ പരാമർശം (1) ഉത്തരവ് പ്രകാരം ഹോണറേറിയം വ്യവസ്ഥയിൽ നിയമനം നടത്തേണ്ടതാണെന്നും പരാമർശം (2) സർക്കുലർ പ്രകാരം അംഗീകൃതമല്ലാത്ത തസ്തികകളിൽ സ്ഥിര നിയമനം പാടില്ല എന്നും നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവുകൾക്ക് വിരുദ്ധമായി എരമം കുറ്റൂർ ഗ്രാമപഞ്ചായത്തിൽ പതിനൊന്നിന പരിപാടി പ്രകാരം സ്ഥാപിതമായ സാംസ്കാരിക നിലയത്തിലെ ലൈബ്രറിയിൽ ശ്രീമതി സിനിത.എം.വി-യെ സ്ഥിരപ്പെടുത്തുന്നതിനായി കൈക്കൊണ്ട പരാമർശം (3) പഞ്ചായത്ത് കമ്മിറ്റി തീരുമാനം നിയമാനുസൃതമല്ലാത്തതിനാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി വിയോജനക്കുറിപ്പ് രേഖപ്പെടുത്തുകയും എന്നാൽ സെക്രട്ടറിയുടെ വിയോജനക്കുറിപ്പ് പുനഃപരിശോധിക്കേണ്ടതില്ലെന്ന് പഞ്ചായത്ത് കമ്മിറ്റി പരാമർശം (4) പ്രകാരം തീരുമാനിക്കുകയും ചെയ്ത സാഹചര്യത്തിലാണ് പഞ്ചായത്തിന്റെ പ്രസ്തുത തീരുമാനം 1995 ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗനടപടിക്രമം) ചട്ടം 29(3) പ്രകാരം പരാമർശം (5) പ്രകാരം എരമം -കുറ്റൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സർക്കാരിൽ സമർപ്പിക്കുകയുണ്ടായത്.

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. കണ്ണൂർ ജില്ലയിലെ എരമം കുറ്റൂർ ഗ്രാമപഞ്ചായത്തിൽ പതിനൊന്നിന പരിപാടി പ്രകാരം സ്ഥാപിതമായ ലൈബ്രറിയിൽ ജോലി ചെയ്തിരുന്ന ലൈബ്രേറിയൻ ഫുൾ ടൈം തസ്തികയിൽ സ്ഥിരപ്പെട്ടപ്പോൾ ഉണ്ടായ ഒഴിവിലേക്ക് നിയമിതയായ ശ്രീമതി സിനിത.എം.വി-യെ സ്ഥിരപ്പെടുത്തുന്നതിനായി എരമം കുറ്റൂർ ഗ്രാമപഞ്ചായത്ത് ഭരണ സമിതി കൈക്കൊണ്ട പരാമർശം (3), (4) തീരുമാനങ്ങൾ പരാമർശം (2) സർക്കാർ ഉത്തരവ്, പരാമർശം(3) സർക്കുലർ എന്നിവയിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായതിനാൽ, എരമം കുറ്റൂർ ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ പരാമർശം (3), (4) തീരുമാനങ്ങൾ 2003 ലെ കേരള പഞ്ചായത്ത് രാജ് (നിയമാനുസൃതമല്ലാത്ത തീരുമാനങ്ങൾക്കെതിരെ സ്വീകരിക്കേണ്ട നടപടിക്രമം) ചട്ടങ്ങൾ 4(3) സെക്ഷൻ 191 പ്രകാരം റദ്ദ് ചെയ്യുന്നതിന് ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് ഓംബുഡ്സ്മാന് റഫർ ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെമിഗോപിനാഥ്. ജി
ഡെപ്യൂട്ടി സെക്രട്ടറി

ഓംബുഡ്സ്മാൻ, തദ്ദേശസ്വയംഭരണ വകുപ്പ്, വഞ്ചിയൂർ, തിരുവനന്തപുരം (അനുബന്ധ രേഖകൾ സഹിതം ആമുഖ കത്തോടു കൂടി)
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം.
ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, കണ്ണൂർ(പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)
പ്രസിഡന്റ്, എരമം കുറ്റൂർ ഗ്രാമപഞ്ചായത്ത്, കണ്ണൂർ(പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)

സെക്രട്ടറി, എരമം കുറ്റൂർ ഗ്രാമപഞ്ചായത്ത്, കണ്ണൂർ(പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)
ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ. ഐ. കെ. എം. തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(ഫയൽ നമ്പർ 253/ഇപിഎ2/2024/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by

Danuja M S

Date: 11-03-2025 15:03:21

സെക്ഷൻ ഓഫീസർ